നാഥാ! നീയെനിക്കഭയമീയുലകിൽ

നീയെൻറെ ജീവന്നാധാരം

നീ മതി എനിക്ക് നിൻ കൃപ മതിയെ

നിന്നിലെൻ അടിസ്ഥാനം –2

ഹാ! രുചിച്ചറിയുക നീ മനമേ നിൻ പരനെ

പ്രാണപ്രിയൻറെ സ്നേഹത്തെ

കരുണയുള്ളോനവനെന്നും തൻ കരത്താൽ

കണ്ണുനീരെല്ലാം തുടയ്ക്കും

പാപ ശാപങ്ങളഖിലവും പോക്കാൻ

പാപിയെന്നെ വീണ്ടെടുപ്പാൻ

അബ്ബാ പിതാവേ! എന്നു വിളിക്കുവാൻ

പുത്രത്വം നൽകിയ സ്നേഹം..... –2 ഹാ! രുചി...1

നിത്യ സ്നേഹത്താലെന്നെ താൻ സ്നേഹിച്ചു

നിത്യജീവൻ നൽകിടുവാനായ്

എന്നോടുള്ള തൻറെ ദയ വലുതല്ലോ

എൻ പ്രാണനെ രക്ഷിച്ച സ്തോത്രം.... –2 ഹാ! രുചി...1

ആത്മ സ്നേഹിതരെന്നെ തള്ളുകിലും

അപവാദം ചൊല്ലിയെന്നാലും

തള്ളുകയില്ലിനി ഉള്ളം അറിയുന്നോൻ

ഉള്ളംകൈയിൽ വരച്ച നാഥൻ –2
ഹാ! രുചി...2

Naathaa ! Neeyenikkabhayameeyulakil
neeyente jeevannaadhaaram
nee mathi enikku nin krupa mathiye
ninnilen atisthaanam

haa! Ruchicchariyuka nee maname nin parane
praanapriyante snehatthe
karunayullonavanennum than karatthaal
kannuneerellaam thutaykkum

paapa shaapangalakhilavum pokkaan
paapiyenne veendetuppaan
abbaa pithaave! Ennu vilikkuvaan
puthrathvam nalkiya sneham.....
haa! Ruchi...1

nithya snehatthaalenne thaan snehicchu
nithyajeevan nalkituvaanaayu
ennotulla thante daya valuthallo
en praanane rakshicchu sthothram....
haa! Ruchi...1

aathma snehitharenne thallukilum
apavaadam cholliyennaalum
thallukayillini ullam ariyunnon
ullamkyyil varaccha naathan
haa! Ruchi...2